# <u>സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്ന്ത സംബന്ധിച്ച വിവരങ്ങൾ</u>

വിധവ / വിഭാര്യൻ, മകൻ, മകൾ, ദത്തുപുത്രൻ, ദത്തുപുത്രി, മരണപ്പെട്ട ജീവനക്കാരൻ അവിവാഹിതനാണങ്കിൽ പിതാവ്, മാതാവ്, അവിവാഹിതയായ സഹോദരി, അവിവാഹിതനായ സഹോദരൻ എന്നിവരാണ് *ജോലി ലഭിക്കിന്നതിന് അർഹതപ്പെട്ടവർ.* വിധവ / വിഭാര്യൻ എന്നവർക്കും, പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിലേക്കുള്ള നിയമനത്തിന് നിശ്ചിത പ്രായപരിധി ഇല്ല. എന്നാൽ, മറ്റ് അപേക്ഷകരെ സംബന്ധിച്ച് കേരള പബ്ളിക് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിശ്ചിത പ്രായപരിധി ബാധകമാണ്.സർക്കാർ ജീവനക്കാരൻ മരണപ്പെട്ട തീയതി മുതൽ 2 വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നൽ മൈനറെ സംബന്ധിച്ചിടത്തോളം മേജർ ആയി 3 വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.മരണപ്പെട്ട ജീവനക്കാരന്റെ കുടുംബ വാർഷിക വരിമാനം 3 ലക്ഷം ര◌ൂപയിൽ കവിയാൻ പാട◌ുള്ളതല്ല.

സർക്കാർ ജീവനക്കാരൻ അവസാനമായി ജോലി ചെയ്തിരുന്ന കാര്യാലയത്തിലെ മേധാവിക്ക് നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കണം.

***<u>അപേക്ഷയോടൊപ്പം ഹജരാക്കേണ്ട രേഖകൾ</u>***

1. 24.5.99 ലെ സർക്കാർ ഉത്തരവ് നം. 12/99/പി &എആർഡി യിൽ നിഷ്കർഷിച്ചിട്ടുള്ള അപേക്ഷ ഫാറം,
2. പരേതന്റെ സേവന സാക്ഷ്യപത്രം.
3. മരണ സാക്ഷ്യപത്രത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. അനന്തരവകാശ സാക്ഷ്യപത്രത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
5. അപേക്ഷക / അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന യോഗ്യതാപത്രങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ
6. . അനന്തരവകാശികളുടെ സമ്മതപത്രങ്ങൾ.
7. വരുമാന സാക്ഷ്യപത്രം
8. ശാരീരികാക്ഷമത സർട്ടിഫിക്കര്റ്.
9. ബഹു: ഹൈക്കോടതിയിത് നിലവിലുള്ള 17120/ 96 മംപർ ഒ. പി.യടെ അന്തിമ വിധിക്ക് വിധേയമായി റവന്യൂ വകുപ്പിൽ അധോമണ്ഡല ഗുമസ്തൻ / വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം സ്വീകരിക്കാൻ സന്നദ്ധമാണന്നുള്ള അപേക്ഷ / അപേക്ഷന്റെ സമ്മതപത്രം ( സാക്ഷ്യപ്പെടുത്തിയത് )

ബന്ധപ്പെട്ട ഭരണ വകുപ്പ് ആണ് *നിയമന അധികാരി*

## <u>പെട്രോളിയം ലൈസൻസ്.</u>

ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ളോസ്സീവ്സ്, ചെന്നൈ ആണ് *പെട്രോളിയം സംഭരണ ലൈസൻസ് നൽകുന്നതിനുള്ള ബന്ധപ്പെട്ട അധികാരി.*ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ളോസ്സീവ്സ് - ന് നൽകുന്ന അപേക്ഷ ബന്ധപ്പെട്ട ജില്ലാ കളക്ടർക്കു്, ടിയാന് ലൈസൻസ് നൽകുന്നതിന് എതിർപ്പുണ്ടോ എന്ന അഭിപ്രായം രേഖപ്പെടുത്തി ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ളോസ്സീവ്സിനെ അറിയിക്കുക എന്നതാണ് ജില്ലാ കളക്ട റുടെ പങ്ക് .

ടി അപേക്ഷയിൽ മേൽ പോലീസ്, റവന്യൂ, ഫയർ ഫോഴ്സ്, പി. ഡബ്ള്യൂ. ഡി / പഞ്ചായത്ത് / മുനിസിപ്പൽ / കോർപ്പറേഷൻ അധികാരികളിൽ നിന്ന് റിപ്പോർട്ടു വാങ്ങി പരിശോധിച്ച ശേഷമാണ് എൻ. ഒ. സി. നൽകുന്നത്.*എൻ. ഒ. സി. ജില്ലാ കളക്ടർ നിരസിച്ചാൽ അപ്പീൽ കൊടുക്കുവാൻ വ്യവസ്തയു*ണ്ട്. തിരുവനന്തപുരം ലാന്റ് റവന്യൂ കമ്മീഷണറാണ് അപ്പീൽ അധികാരി.വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കി, അപ്പീലിന് കാരണമായ ജില്ലാ അധികാരിയുടെ ഉത്തരവിന്റെ അസ്സൽ അല്ലെങ്കിൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഉത്തരവ് ഇറക്കി 60 ദവസത്തിനകം സമർപ്പിക്കേണ്ടതാണ്. അപ്പീൽ ഫിസ് ഇല്ല, അപ്പീൽ ഹർജിയിൽ 10 രൂപയുടെ കോർട്ട് ഫീസ് സ്റ്റാംപ് പതിച്ചിരിക്കണം,
*അപ്പീൽഅധികാരിയുടെ ഉത്തരവിനു മേൽ റിവിഷൻ* ഇല്ല. . അപ്പീൽഅധികാരിയുടെ ഉത്തരവ് അന്തിമമാണ്. ടി ഉത്തരവ് ഹൈക്കോടതി യിൽ മാത്രമേ ചോദ്യം ചെയ്യാൻ സാധിക്കുകയുള്ളൂ.

## <u>ലാന്റ് അക്വിസിഷൻ</u>

*ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള* പത്ര പരസ്യത്തിനെ തുടർന്ന് പൊന്നും വില ഓഫീസർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ അവകാശികൾക്ക് 4 ( എ ) നമ്പർ ഫാറത്തിലുള്ള നോട്ടീസ് നൽകുന്നതാണ്. ഈ നോട്ടീസ് ലഭിച്ച് 30 ( മുപ്പത് ) ദിവസത്തിനുള്ളിൽ പൊന്നും വില ഓഫീസർ മുൻപാകെ ആക്ഷേപം സമർപ്പിക്കാവുന്നതാണ്. ആക്ഷേപം സ്വീകരിക്കാനുള്ള അധികാരം പൊന്നും വില ഓഫീസർക്കാണ്. ഭൂമി പൊന്നും വിലയ്ക്ക് എടുക്കുവാൻ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥൻ ജില്ലാ കളക്ടറോ പൊന്നും വില കാര്യത്തിൽ സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥമോ ആണ്.

പൊതു ആവശ്യമെന്ന് ലാന്റ് അക്വിസിഷൻ ആക്ടിൽ നിർവ്വചിച്ചിരിക്കു

ന്ന ആവശ്യങ്ങൾക്കു വേണ്ടിയാണ് ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം സ്ഥലം എടുക്കുന്നത്.

*പൊന്നും വില നടപടിക്ക് വിധേയമായി ഭൂമി ഏറ്റെടുക്കുന്നത് തടയാൻ ഏതെങ്കിലും അധികാരികൾക്കോ, ഭൂ ഉടമസ്ഥനോ അവകാശമില്ല.*

സർവെ ആന്റ് ബൗണ്ടറീസ് ആക്ടിലെ 6 (1) വകുപ്പ് പ്രകാരവും, ലാന്റ് അക്വിസിഷൻ ആക്ടിലെ 4 (1 ) വകുപ്പ് പ്രകാരവും, ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി സ്ഥിതി ചെയ്യുന്ന ജില്ല, താലക്ക്, വില്ലേജ്, സർവെ നംപർ, ഏകദേശ വിസ്തീർണ്ണം എന്നിവ ഉൾപ്പെടുത്തി രണ്ട് പ്രാദേശിക പത്രങ്ങളിലും, കേരളാ ഗസറ്റിലും, വിജ്ഞാപനം പിറപ്പെടുവിക്കുന്നതാണ് ഭൂമി ഏറ്റെടുക്കൽ പ്രാരംഭ നടപടികൾ. പൊന്നും വില നടപടി പ്രകാരം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സമീപം അഞ്ചു കിലോ മീറ്റർ ചുറ്റളവിനുള്ളിൽ സ്ഥിതി ചെയ്യുന്നതും, സ്ഥിതിയിൽ സാമ്യമുള്ളതും, 4 (1) വിജ്ഞാപനം പുറപ്പെടുവിച്ച തീയതിക്ക് മുൻപ് മൂന്നു വർഷത്തിനുള്ളിൽ റജിസ്ട്രേഷൻ മുഖേന കൈമാറ്റം ചെയ്തിട്ടുള്ളതുമായ ഭൂമിയുടെ വിലയിൽ അനുയോജ്യമായ വിലയുടെ അടിസ്ഥാനത്തിലാണ് പൊന്നും വില നിശ്ചയിക്കുന്നത്.പൊന്നും വില നടപടി പ്രകാരം അവാർഡ് പാസ്സാക്കിയാൽ ഉടൻ തന്നെ നഷ്ടപരിഹാര തുക നൽകുന്നതാണ്. 4 (1 ) വിജ്ഞാപനം നടത്തി 3 വർഷത്തിനുള്ളിൽ അവാർഡ് പാസ്സാക്കുന്നതാണ്.ജില്ലാ കളക്ടറിൽ നിന്നും പൊന്നും വില നിയമത്തിലെ 12 -ാം വകുപ്പ് പ്രകാരമുള്ള നോട്ടീസ് ലഭിച്ച ആറ് ആഴ്ചകൾക്കുള്ളിലോ, ലാന്റ് അക്വിസിഷൻ ആഫീസറിൽ നിന്നും അവാർഡ് തുക ലഭിച്ച് ആറ് മാസത്തിനുള്ളിലോ ( ഇതിൽ ഏത് കാലാവധിയാണോ ആദ്യം അവസാനിക്കുന്നത് അതിനുള്ളിൽ നഷ്ടപരിഹാര തുകയുടെ അപര്യാപ്തതയെ സംബന്ധിച്ച് പരാതി പൊന്നും വില ആഫീസറെ ബോധിപ്പിക്കേണ്ടതാണ്.

*ഒരു വ്യക്തിക്ക് തന്റെ ഭൂമി പൊന്നും വിലക്ക് എടുക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാൻ പറ്റില്ല. പൊന്നും വിലക്ക് എടുത്ത ശേഷം ബാക്കി വരുന്ന സ്ഥലം ഭൂ ഉടമയ്ക്ക് ഉപയോഗിക്കാൻ പറ്റാതെ വരുന്ന സാഹചര്യത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്.*സർക്കാർ പൊന്നും വിലയ്ക്ക് എടുത്ത ഭൂമി ഉപയോഗിക്കാതെ വരുന്ന സാഹചര്യത്തിൽ മടക്കി കിട്ടുവാൻ ഭൂ ഉടമയ്ക്ക് അവകാശമില്ല. സർക്കാർ പൊന്നും വില നടപടി തുടങ്ങി കഴിഞ്ഞതിനുശേഷം ടി നടപടികളിൽ നിന്ന് സർക്കാരിന് പിൻവാങ്ങാൻ അധികാരമുണ്ട്.പൊതു ആവശ്യത്തിന് സർക്കാർ ഏറ്റെടുത്ത ഭൂമി പാട്ടത്തിന് കൊടുക്കാൻ സർക്കാരിന് അധികാരമു *ണ്ട്. 4 (1 )വിജ്ഞാപന തീയതി മുതൽ പൊന്നും വില നടപടി പ്രകാരം ഏറ്റെടുത്ത ഭൂമിയുടെഉടമസ്ഥന് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.*

## <u>വരുമാന സർട്ടിഫിക്കറ്റ്</u>

**(സർക്കാർ ഉത്തരവ് കൈയ്യെഴുത്ത് നംപര് 192/85/ആർ.ഡി. തീയതി 1985 മാർച്ച് )**

ബന്ധപ്പെട്ട വില്ലേജ് ആഫീസർക്ക് ആണ് വരുമാന സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. എന്നാൽ തഹസിൽദാരുടെ സർട്ടിഫിക്കറ്റ് തന്നെ വേണമെങ്കിൽ അപേക്ഷ തഹസിൽദാർക്ക് സമർപ്പിക്കേണ്ടതാണ്.ഇതിനായി *നിശ്ചിത ഫോറംഉണ്ട്.*

അപേക്ഷയിൽ 5 രൂപയുടെ കോർട്ട് ഫീസ് സ്റ്റാംപ് പതിക്കണം. പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗക്കാരെ കോർട്ട് ഫീസ് സ്റ്റാംപ് പതിക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

***<u>ഹാജരാക്കേണ്ട രേഖകൾ</u>***

1. റേഷൻ കാർഡ്.
2. ഉദ്യോഗസ്ഥനാണങ്കിൽ ശമ്പള സർട്ടിഫിക്കറ്റ്
3. പെൻഷൻ പേമെന്റ് ഉത്തരവ്.
4. വരുമാനം തെളിയിക്കുന്നതിനുള്ള രേഖകൾ.
5. വിദേശത്ത് ജോലിയുള്ള ആളുടെ കാര്യത്തിൽ അപേക്ഷകനും, വിദ്യാർത്ഥികളുടെ കാര്യത്തിൽ മാതാപിതാക്കൾ / രക്ഷാകർത്താവ് ഫയൽ ചെയ്യുന്ന സത്യപ്രതിജ്ഞ.
6. വസ്തുവിൽ നിന്നുള്ള വരുമാനം.

*കുടുംബവരുമാനം കണക്കാക്കുന്നതിന്* അപേക്ഷകൻ,മാതാപിതാക്കൾ , രക്ഷകർത്താവ്,അവിവാഹിതരായ സഹോദരങ്ങൾ അതേ വീട്ടിൽ ഒരുമിച്ച് താമസിക്കുന്ന അവിവാഹിതരായ പുത്രന്മാർ / പുത്രിന്മാർ*എന്നിവരുടെയെല്ലാം വരുമാനമാണ് കണക്കിലെടുക്കുന്നത്*

*കുടുംബവരുമാനം കണക്കാക്കുമ്പോൾ* . വിധവകളായ പുത്രിമാരുടെയും / സഹോദരിമാരുടെയും വരുമാനം,സേവനം അവസാനിക്കുമ്പോൾ ലഭിക്കുന്ന ആനുക്കൂല്യങ്ങൾ,ലീവ് സറണ്ടർ ശമ്പളം,ഉത്സവബത്ത,കുടുംബപെൻഷൻ,അഗതി പെൻഷൻ
*എന്നീ തരത്തിലുള്ള വരുമാനമാണ് ഒഴിവാക്കുന്നത്.*

## <u>വരുമാനം തിട്ടപ്പെടുത്തുമ്പോൾ കണക്കിലെടുക്കേണ്ട വരുമാന മാർഗ്ഗങ്ങൾ</u>

1. ശമ്പളത്തിൽ നിന്നുള്ള വരുമാനം.
2. പെൻഷനിൽ നിന്നുള്ള വരുമാനം.
3. വ്യാപാരത്തിൽ നിന്നുള്ള വരുമാനം
4. വിദേശത്ത് ജോലിയുള്ള / വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വരുമാനം.
5. ദിവസക്കൂലിക്കാരുടെ വരുമാനം.
6. വസ്തുവിൽ നിന്നുള്ള വരുമാനം.
7. വാടക കെട്ടിടത്തിൽ നിന്നുള്ള വരുമാനം.

*പെൻഷൻക്കാരുടെ വരുമാനം തിട്ടപ്പെടുത്തുമ്പോൾ ക്ഷാമബത്ത കൂട്ടേണ്ടതില്ല.*

### *<u>ശമ്പള ഇനത്തിലുള്ള വരുമാനം കണക്കാക്കുന്ന രീതി</u>*

ക്ഷാമബത്തയും, വീട്ടുവാടക അലവൻസും ഒഴികെയുള്ള ശമ്പള ഇനത്തിലുള്ള വരുമാനം, സ്പെഷ്യൽ പേ, ഡെപ്യൂട്ടേഷൻ അലവൻസ് / ബത്ത മുതലായവ മൊത്തവരുമാനം നിർണ്ണയിക്കുവാൻ കണക്കാക്കുന്നതാണ്.. യാത്ര ബത്ത, സ്ഥിരം യാത്ര ബത്ത, പ്രത്യേക ജോലിക്കുള്ള ഓണറേറിയം മുതലായവ ശമ്പള ഇനത്തിലുള്ള വരുമാനം കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കും. ശമ്പള ഇനത്തിലുള്ള വരുമാനം കണക്കാക്കുന്നത് ശമ്പള സർട്ടിഫിക്കററിന്റെ അടിസ്ഥാനത്തിലാണ്.

### *<u>പെൻഷൻ ഇനത്തിലുള്ള വരുമാനം കണക്കാക്കുന്നരീതി</u>*

കമ്മ്യൂട്ടെഷൻ തുക, ക്ഷാമബത്ത എന്നിവ കഴിച്ചുള്ള തുക വരുമാന സർട്ടിഫിക്കറ്റിനുവേണ്ടി കണക്കാക്കും. പെൻഷൻ പേമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ കണക്കാക്കുന്നത്.

### *<u>വ്യാപാരത്തിൽ നിന്നുള്ള വരുമാനം കണക്കാക്കുന്നരീതി</u>*

ആദായ നികുതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാവുന്നതാണ്. നികുതിദായകർ അല്ലെങ്കിൽ ബന്ധപ്പെട്ട വ്യക്തി ഫയൽ ചെയ്യുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ വരുമാനസർട്ടിഫിക്കറ്റ് നൽകുന്നതാണ്.

### *<u>ഫീസ് ആനുക്കൂല്യത്തിന് ശമ്പള വരുമാനം കണക്കാക്കുന്നരീതി</u>*

ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഫീസ് ആനുക്കൂല്യത്തിന് വരുമാനം തിട്ടപ്പെടുത്തുമ്പോൾ ശമ്പളം പറ്റുന്ന ജീവനക്കാരെ സംബന്ധിച്ചടത്തോളം വരുമാനത്തിൽ ക്ഷാമബത്തയും വീട്ടുവാടക അലവൻസും കണക്കാക്കുകയില്ല.

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യമായും, വിദ്യാഭ്യാസപരമായും, പിന്നോക്കം നില്ക്കുന്ന വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിലെ ബിരുദ / ബിരുദാനന്തര കോഴ്സുകൾ മ

ുതലായവകളിൽ സീറ്റ് റിസർവേഷനുവേണ്ടി വരുമാനം കണക്കാക്കുമ്പോൾ ക്ഷാമബത്തയും, വീട്ടുവാടക അലവൻസും കൂട്ടേണ്ടതില്ല.

എന്നാൽ ഈ കോഴ്സുകൾക്ക് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദാനന്തര കോഴ്സുകൾക്ക് ഫീസ് ആനുക്കൂല്യത്തിന് വരുമാനം തിട്ടപ്പെടുത്തുമ്പോൾ ശമ്പളത്തിൽ ക്ഷാമബത്തയും, വീട്ടുവാടക അലവൻസും ചേർത്ത് ശമ്പളം നിർണ്ണയിക്കേണ്ടതാണ്.

യഥാർത്ഥ വരുമാനം മന: പൂർവ്വം മറച്ചുവച്ചോ അല്ലെങ്കിൽ മന: പൂർവ്വം തെറ്റായ വരുമാനംകാണിച്ചോ വ്യാജമായി സമ്പാദിക്കുന്ന സർട്ടിഫിക്കറ്റുകൾ റദ്ദ് ചെയ്യുന്നതാണ്.അപേക്ഷ അന്വേഷണം നടത്തി അപേക്ഷ ലഭിച്ച തീയതി മുതൽ ഏഴ◌ു ദിവസത്തിനകം നൽകണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്,